**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3896** **06-08-2021 - ൽ മറുപടിയ്ക്ക്**

**മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റ് സ്ഥലത്ത് അംഗൻവാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാഞ്ഞൂരിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റ് (എം.വി.ഐ.പി.) സ്ഥലത്ത് അംഗൻവാടി നിർമ്മാണത്തിനായുള്ള പ്ലാനും പ്രൊപ്പോസലും മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | മാഞ്ഞൂർ പഞ്ചായത്തിൽ 2, 9 വാർഡുകളിൽ എം.വി.ഐ..പി വക സ്ഥലത്ത് അംഗൻവാടി നിർമ്മാണത്തിനായുള്ള പ്ലാനും പ്രൊപ്പോസലും മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടുണ്ട് |
| (ബി) | ഇതുസംബന്ധിച്ച് ഇറിഗേഷൻ വകുപ്പ് പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഇതു സംബന്ധിച്ച് പഞ്ചായത്തിന് കത്ത് നൽകിയിട്ടില്ല. |
| (സി) | ഈ പദ്ധതി സംബന്ധിച്ച് പഞ്ചായത്തും ഇറിഗേഷൻ വകുപ്പും തമ്മിലുള്ള തർക്കം മൂലം വർഷങ്ങളായി വികസന പദ്ധതി മുടങ്ങിക്കിടക്കുന്നത് പരിഹരിക്കാൻ വേണ്ടി വകുപ്പ് നിശ്ചിത ലാന്റ് മാർക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) | മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ 2,9 വാർഡുകളിലെ അംഗൻവാടി നിർമ്മാണത്തിനായുള്ള പ്ലാനും പ്രൊപ്പോസലും അനുബന്ധ റിപ്പോർട്ടും സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അംഗൻവാടികൾക്ക് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ